ഉറപ്പു വരുത്താൻ നമുക്ക് കഴിയണം. ഈ വക കാര്യങ്ങൾക്കായി എല്ലാ മാസവും ഒരു ക്ലിപ്ത ദിവസം ഇംപ്ലിമെന്റേഷൻ യൂണിറ്റ്-ഡിപ്പാർട്ടുമെന്റ്-പ്ലാനിംഗ് ബോർഡ്-ക്യാബിനറ്റ് വരെ ഇവാലുവേഷൻ നടത്തുന്നതിന് ആവശ്യമായ ഒരു സമഗ്രമായ പദ്ധതി ഉണ്ടാക്കുവാനും പദ്ധതി നിർവ്വഹണത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ എ.കെ. ആന്റണി ടച്ച് വികസന പദ്ധതിയുടെ ക്രമീകരണത്തിൽ ഉണ്ടാകണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുവാനും ഈ സഭയുടെ ശ്രദ്ധക്ഷണിക്കുവാനും ഞാൻ ആഗ്രഹിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ആസൂത്രണ കമ്മിഷനും സംസ്ഥാന ഗവൺമെന്റും ആലോചിച്ച് പദ്ധതി നിർവ്വഹണത്തിൽ ഓരോ മാസവും കൈവരിക്കേണ്ട ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി വർഷത്തിന്റെ 1-ാം പാദത്തിൽ ആകെ പദ്ധതി അടങ്കലിന്റെ 15 ശതമാനവും 2-ാം പാദത്തിൽ 25 ശതമാനവും മൂന്ന്, നാല് പാദങ്ങളിൽ യഥാക്രമം 30 ശതമാനവും വീതമായിട്ടാണ് ലക്ഷ്യം നിർണ്ണയിച്ചിട്ടുള്ളത്. ഇങ്ങനെ വ്യക്തമായ ലക്ഷ്യങ്ങൾ ഉണ്ടെങ്കിലും നിർഭാഗ്യവശാൽ ഇത്രയും കാലമായിട്ടും സാമ്പത്തിക വർഷത്തിന്റെ അവസാനം ഫെബ്രുവരിയിലും മാർച്ചിലും ആണ് പലപ്പോഴും ചെലവുകളെല്ലാം നടക്കുന്നത്. ഈ വർഷം മുതൽ അതിൽനിന്ന് വ്യത്യസ്തമായി സമയബന്ധിതമായി കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. എല്ലാ പദ്ധതികൾക്കും ഭരണാനുമതി ആഗസ്റ്റ് 31-നു മുമ്പ് പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുകയാണ്. കംപ്യൂട്ടറൈസ്ഡ് മോണിറ്ററിംഗ് നടപ്പിലാക്കുവാനുള്ള ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് വരുന്ന രണ്ടു വർഷംകൊണ്ട് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെയുള്ള നടപടികൾ വരുന്നതോടുകൂടി പദ്ധതിയുടെ നടത്തിപ്പിൽ ഇപ്പോൾ കാണുന്ന അപാകതകൾ പരിഹരിക്കാൻ കഴിയും. ഈ വർഷം മുതൽ പദ്ധതി ടാർജറ്റ് (ലക്ഷ്യം) ഓരോ വർഷവും നേടാനുള്ള ശ്രമങ്ങളാണ് ഗവൺമെൻറ് ആരംഭിച്ചിരിക്കുന്നത് എന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : ഈ പദ്ധതി പ്രാവർത്തികമാക്കുവാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് ഒരു അക്കൗണ്ടബിലിറ്റിയും ഒരു റെസ്പോൺസിബിലിറ്റിയും ഉറപ്പു വരുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ആന്റണി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം തീർച്ചയായും പരിഗണിക്കുന്നതാണ്.

(2) മാനദണ്ഡങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ടുള്ള നിയമനങ്ങൾ

ശ്രീ. എം. വി. ജയരാജൻ : വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിലും എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ടുള്ള നിയമനങ്ങളാണ് ഇപ്പോൾ വ്യാപകമായി നടക്കുന്നത്. അതുമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സീനിയോറിറ്റി ലിസ്റ്റിലും അർഹരായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷക്കണക്കിന് തൊഴിൽരഹിതരായി യുവജനങ്ങൾ വഞ്ചിക്കപ്പെടുകയാണ്. കേരളത്തിനകത്ത് പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് ആവശ്യമായ ചട്ടങ്ങളുണ്ട്. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് എന്നു പറയുന്ന വ്യക്തമായ ചട്ടമുണ്ട്. ഭരണഘടനാപരമായ സ്ഥാപനമാണ് നമ്മുടെ പി.എസ്.സി., പി. എസ്.സി.ക്കു വിട്ട പോസ്റ്റുകളിൽ നിയമനം നടത്തുന്നതിന് വ്യക്തമായ ചട്ടമുണ്ട്. 1959-ൽ പാസ്സാക്കിയ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒഴിവുകളുണ്ടാകുമ്പോൾ നിർബന്ധപൂർവ്വം അവയെപ്പറ്റി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കണമെന്നാണ്. പി.എസ്.സി.ക്കു വിട്ട പോസ്റ്റിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെങ്കിൽ പി.എസ്.സി.യിൽ നിന്ന് നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയശേഷം മാത്രമേ ഇത്തരത്തിലുള്ള പ്രൊവിഷണൽ എംപ്ലോയ്മെന്റ് നടത്താൻ പാടുള്ളൂ. റൂൾ 9(എ)1 അനുസരിച്ച് Not exceeding 180 days എന്നു പറയുന്ന എംപ്ലോയ്മെന്റ് വഴിയുള്ള നിയമനം നടത്തണമെങ്കിൽത്തന്നെ ആ വ്യവസ്ഥകളെല്ലാം പാലിച്ചുകൊണ്ടു മാത്രമേ നടത്താൻ പറ്റൂ. ഇപ്പോൾ കേരളത്തിൽ നിയമന നിരോധനം, പൊതുമേഖലയിൽ സ്വകാര്യവൽക്കരണം, വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയവൽക്കരണം എന്നീ നയങ്ങൾമൂലം പിന്നോക്കക്കാരുടെ സംവരണംപോലും ഇല്ലാതാവുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 52 പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. 253 സ്വകാര്യ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. അൻപതിനായിരത്തോളം വരുന്ന ആളുകളാണ് തൊഴിൽ രഹിതരായത്. പരമ്പരാഗത മേഖലയിൽ 12 ലക്ഷം ആളുകൾക്ക് തൊഴിൽ നഷ്ടമായിരിക്കുകയാണ്. നിയമന നിരോധന നിയമം നമ്മുടെ സർക്കാർ സർവ്വീസിൽ നടപ്പാക്കിയതുമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനവും നടക്കുന്നില്ല. അതിലൂടെ ഏതാണ്ട് 50,000 ആളുകൾക്ക് കഴിഞ്ഞ രണ്ടു വർഷം പിന്നിട്ടപ്പോൾ നിയമനം തടയപ്പെട്ടിരിക്കുകയാണ്. എൺപതിനായിരത്തോളം തസ്തികകൾ റദ്ദാക്കാൻ വേണ്ടിയുള്ള ശുപാർശകളാണ് ഇപ്പോൾ വന്നിട്ടുള്ളത്. എൽ.ഡി.എഫ് ഭരിച്ച സന്ദർഭത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രതിവർഷം ഏതാണ്ട് 20,000 പേർക്ക് നിയമനം നൽകിയിരുന്നു. കഴിഞ്ഞ രണ്ടു വർഷത്തെ കണക്കുകളെടുത്ത് പരിശോധിച്ചാൽ ഒരു ചോദ്യത്തിനു മറുപടിയായി ഇവിടെ തന്നിട്ടുള്ളത് അനുസരിച്ചുതന്നെ 12,000 ആളുകൾക്കാണ് പ്രതിവർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുള്ളതെന്നു കാണാം. അതിന്റെ അടിസ്ഥാനത്തിൽ 16,000 ആളുകൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനവും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഈ സമയത്ത് നടക്കുന്ന സ്ഥിതി എന്താണ് ? അതാണ് ആശ്ചര്യകരമായി കാര്യം. ഈ ചട്ടങ്ങളെല്ലാം ലംഘിച്ചുകൊണ്ട് ഇപ്പോൾ കെ.ടി.ഡി.സി.-300, ടൂറിസം വകുപ്പ്-131, ഫിനാൻഷ്യൽ കോർപ്പറേഷൻ-500, വനം വകുപ്പ്-900, ആരോഗ്യവകുപ്പ്-300, ഐ.എച്ച്.ആർ.ഡി.-300, കെ.എസ്.എഫ്.ഇ-100, കെ.എഫ്.സി-50, കെ.എസ്.ഇ.ബി-300, വാട്ടർ അതോറിറ്റി-400, വിദ്യാഭ്യാസ വകുപ്പ്-2,000, പി.ആർ.ഡി-203, നിയമിച്ചതെല്ലാം തിരുവനന്തപുരം വെസ്റ്റ് മണ്ഡലത്തിലുള്ളവരാണ്- ഫിഷറീസ്-118. എസ്.സി.ഇ.ആർ.ടി.-32, ട്രഷറി -200 എന്നിങ്ങനെ ഏതാണ്ട് 5,815 പേരെ മാനദണ്ഡങ്ങളെല്ലാം ലംഘിച്ച് നേരിട്ട് നിയമനങ്ങൾ നടത്തിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കരാറടിസ്ഥാനത്തിലോ, ദിവസക്കൂലി അടിസ്ഥാനത്തിലോ ആണ് ഇത്തരത്തിലുള്ള നിമയനം നടത്തിയിരിക്കുന്നത്. 1963-ലെ കേരള സഹകരണ സർവ്വീസ് ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സഹകരണ വകുപ്പിൽ എഡിറ്റർ-കം-പബ്ലിക് റിലേഷൻസ് ഓഫീസർ എന്ന തസ്തികയിൽ സി.എം.പി.യുടെ പോളിറ്റ് ബ്യൂറോ മെമ്പറായി യു. വിക്രമനെ നിയമിക്കാൻ നിശ്ചയിച്ചിരിക്കുകയാണ്. നിയമ വ്യവസ്ഥ അതിൽ പറയുന്നത്....

മി. സ്പീക്കർ : ഇതൊക്കെ, കാളിംഗ് അറ്റൻഷനിലാണോ ?

ശ്രീ. എം.വി. ജയരാജൻ : ചട്ടത്തിന് എതിരായതുകൊണ്ടു മാത്രമാണ് പറയുന്നത്.

മി. സ്പീക്കർ : ഇതൊക്കെ ഡിമാന്റിൽ പറയൂ. ആരോപണങ്ങൾ ഇപ്പോൾ പറയണ്ട.

ശ്രീ. എം. വി. ജയരാജൻ : അസിസ്റ്റന്റ് രജിസ്ട്രാറോ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറോ ആയി റാങ്ക് ലിസ്റ്റിലെ ഉദ്യോഗസ്ഥനെ നിയമിക്കാമായിരുന്നു. ഇങ്ങനെ പോയാൽ നമ്മുടെ ചീഫ് സെക്രട്ടറിയായിട്ട് നേരിട്ട്, ഗവൺമെന്റിനു വേണമെങ്കിൽ.....ചട്ടത്തിനെതിരായി.....ഇപ്പോൾ 166/03 നമ്പരായി വിദ്യാഭ്യാസ വകുപ്പ് ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. അതിൽ പറയുന്നത് ദിവസക്കൂലി അടിസ്ഥാനത്തിൽ നേരിട്ട് അദ്ധ്യാപകരെ നിയമിക്കാമെന്നാണ്. കോഴിക്കോടൊഴിച്ച് 13 ജില്ലകളിലും പി.എസ്.സി. റാങ്ക് ലിസ്റ്റുണ്ട്. നിയമത്തിൽ പറയുന്നത് എന്താണ് ? നിയമത്തിൽ വ്യക്തമായിട്ട് പറയുന്നു. Incase of vacant posts there which there is a live PSC rank list, conncerned appointing authority shall prepare the panal of qualified hands from Employment Exchange. വ്യക്തമായി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്പോൾ 2003-ലെ ജി.ഒ. നമ്പർ166 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഉത്തരവിൽ നേരിട്ട് നിയമനം നടത്തണമെന്ന് പറഞ്ഞിരിക്കുകയാണ്. എന്നുമാത്രമല്ല, നിയമന നിരോധനത്തിന്റെ കാര്യം നോക്കുന്ന സെന്തിൽ കമ്മിറ്റിയുടെ മുമ്പാകെ 2666 ഫയലുകൾ കെട്ടിക്കിടക്കുകയാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള മുപ്പതിനായിരത്തോളം പേർ നിയമനത്തിനായി കാത്തിരിക്കുകയാണ്. എക്സ്പെന്റിച്ചർ സെക്രട്ടറി അഡ്വക്കേറ്റ് ജനറലിന് ഒരു കത്ത് അയച്ചിരിക്കുകയാണ്. ആ കത്തിൽ പറയുന്നത്, ഹൈക്കോടതിയുടെ ഉത്തരവ് ഉണ്ടായാലും പി.എസ്.സി.യെ ഒഴിവുകൾ അറിയിക്കുവാൻ പാടില്ല. അങ്ങനെ ഹൈക്കോടതി ഉത്തരവ് വന്നാൽ അതിന്മേൽ ഡിവിഷൻ ബഞ്ചിന് അപ്പീൽ കൊടുക്കണം. എല്ലാ മാനദണ്ഡവും കാറ്റിൽപറത്തി പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നിയമനം നടത്താതെ ഈ കേരളത്തിലെ തൊഴിൽ രഹിതരെ വഞ്ചിക്കുന്ന വിധത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമനം വ്യാപകമായി നടത്തുകയാണ്. ഇത് സ്വന്തക്കാരെയും പാർശ്വവർത്തികളെയും നിയമിക്കുവാൻ വേണ്ടി ഉദ്യോഗസ്ഥന്മാർക്ക് അധികാരം നൽകുവാനാണ്. അതുകൊണ്ട് ഗവൺമെന്റിന് ഈ നയം തിരുത്താൻ വ്യക്തമായ വ്യവസ്ഥ പാലിച്ചുകൊണ്ട് നിയമനം നടത്താൻ നടപടി സ്വീകരിക്കണമെന്നാണ് സർക്കാരിനോട് ആവശ്യപ്പെടാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഒരു കാരണവശാലും കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ നടത്തരുതെന്നും റാങ്ക് ലിസ്റ്റിൽനിന്നു മാത്രമേ നിയമനങ്ങൾ നടത്താൻ പാടുള്ളൂവെന്നും എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തപ്പോൾ പി.എസ്.സി.യിൽനിന്നും നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയശേഷം മാത്രമേ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്താവൂ എന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയശേഷം മാത്രമേ പത്രത്തിലൂടെ ഉദ്യോഗാർത്ഥികളെ നിയമിക്കാവൂ എന്ന് എല്ലാ വകുപ്പു മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. വഴി നിയമനം നിശ്ചയിക്കപ്പെട്ടിട്ടുള്ള തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖാന്തിരമോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമോ മാത്രം നിയമനം നടത്തുന്നതിനാൽ സംവരണ വ്യവസ്ഥകൾ നിഷേധിക്കുകയോ പി.എസ്.സി. വഴിയുള്ള ഉദ്യോഗാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടുകയോ ചെയ്യുന്നില്ല എന്ന് വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്. ദിവസവേതന അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും പല പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനം നടക്കുന്നില്ല. അപൂർവ്വമായി മാത്രമേ വളരെ ചുരുങ്ങിയ കാലയളവിലേയ്ക്ക് ചില സ്ഥലത്ത് നിയമനം നടക്കുന്നുള്ളൂവെന്നും വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ശ്രദ്ധക്ഷണിക്കൽ നോട്ടീസിൽ കാണിച്ചിട്ടുള്ള നിയമനങ്ങൾവഴി വ്യവസായ വകുപ്പിന്റെ കീഴിൽ പി.എസ്.സി. ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിക്കപ്പെടുകയോ സംവരണ തത്വങ്ങൾ ലംഘിക്കുകയോ ചെയ്യുന്നില്ല. ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കെ.എസ്.ആർ.ടി.സി. എന്നിവയുടെ കീഴിലാണ് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുള്ളത്. ഈ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനം സർക്കാർ നിശ്ചയിച്ച അംഗീകൃത മാനദണ്ഡങ്ങൾക്കനുസൃതമായാണ്. അവയിലെ അദ്ധ്യാപക നിയമനം അതാത് സ്ഥാപനങ്ങൾ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് നടത്തിവരുന്നത്.

ശ്രീ. എം. വി. ജയരാജൻ : ഫെബ്രുവരി മാസം 3-ാം തീയതി നിയമനങ്ങൾ സംബന്ധിച്ച് സ്ക്രൂട്ടിനൈസ് ചെയ്യാൻവേണ്ടി നിയോഗിക്കപ്പെട്ട സെക്രട്ടറിതല കമ്മിറ്റിയുടെ ഒരു സെക്രട്ടറിയായ എക്സ്പെന്റിച്ചർ സെക്രട്ടറി അഡ്വക്കേറ്റ് ജനറലിന് അയച്ച കത്തിൽ, ഹൈക്കോടതിയുടെ ഉത്തരവിലൂടെ നിയമനങ്ങളൊക്കെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം ഉണ്ടെങ്കിൽ അതിന്മേൽ അപ്പീൽ പോകണം, എല്ലാ ഗവൺമെന്റ് പ്ലീഡർമാർക്കും നിർദ്ദേശം നൽകണമെന്ന കത്ത് പിൻവലിക്കുവാനും ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഒഴിവുകളിലും നിയമനം നടത്തുന്നതിനും സർക്കാർ ആവശ്യമായ നിർദ്ദേശം കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെയല്ല, ഹൈക്കോടതി പല ഡിപ്പാർട്ടുമെന്റുകളിലേയ്ക്കും അഡ്വൈസ് മെമ്മോയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തണമെന്ന് ഡയറക്ഷൻ കൊടുക്കാറുണ്ട്. സിംഗിൾ ബഞ്ച് നിയമം അനുശാസിക്കുന്നത് അതാണ്. സിംഗിൾ ബഞ്ചിന്റെ ജഡ്ജ്മെന്റിന് എതിരെ ഡിവിഷൻ ബഞ്ചിന് അപ്പീൽ കൊടുക്കുവാൻ ശ്രമിക്കണമെന്നാണ് ഈകത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. അത് നിയമാനുസൃതമാണ്. അതിൽ എന്ത് അപകടമാണുള്ളത് ?

IV സബ്മിഷൻ

(1) മഹിളാ പ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ പഴയ നിരക്കിലാക്കണമെന്നും പെൻഷൻ നൽകണമെന്നതും സംബന്ധിച്ച്

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കേരളത്തിൽ പതിനയ്യായിരത്തിലധികം വരുന്ന മഹിളാ പ്രധാൻ ഏജന്റുമാരുടെ ജീവൽ പ്രശ്നങ്ങൾ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. ഈ കഴിഞ്ഞ കുറച്ചുനാളുകൾക്ക് മുമ്പ് മഹിളാ പ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ കേന്ദ്രഗവൺമെന്റ് 5 ശതമാനത്തിൽ നിന്ന് 4 ശതമാനമാക്കി കുറച്ചു. എന്നാൽ ഇതുകൂടാതെ ആദായ നികുതി കൊടുക്കണമെന്ന പേരിലുള്ള പുതിയ ഒരു ഉത്തരവിന്റെ ഫലമായി ആദായ വകുപ്പിന്റെ തിരുവനന്തപുരം ഓഫീസിൽനിന്നും ഇറക്കിയിരിക്കുന്ന സർക്കുലർ പ്രകാരം, 5 ശതമാനം ആദായനികുതി കൊടുക്കണമെന്നു പറയുമ്പോൾ കോഴിക്കോട് ആദായനികുതി ഓഫീസിൽനിന്നും പറയുന്നത് മഹിളാപ്രധാൻ ഏജന്റുമാർ ആദായനികുതി കൊടുക്കേണ്ടതില്ല എന്നാണ്. കേരളത്തിൽത്തന്നെ രണ്ട് വിധത്തിൽ ആദായ നികുതി ഈടാക്കുന്നത് പിൻവലിക്കണമെന്നതാണ് ആദ്യത്തെ ആവശ്യം. രണ്ടാമത്തെ ആവശ്യം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പതിനയ്യായിരത്തിലധികമുള്ള പാവപ്പെട്ട സ്ത്രീകൾക്ക് പെൻഷൻ കൊടുക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിരുന്നു, അതിന് സർക്കുലറും ഇറക്കിയിരുന്നു. അതിന്റെ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കണം. മൂന്നാമത്, നിലവിലുള്ള ക്ഷേമനിധിയിൽനിന്നും മക്കളുടെ വിവാഹത്തിനും മറ്റും 5,000 രൂപ മാത്രമേ ഇപ്പോൾ അനുവദിക്കുന്നുള്ളൂ. അത് ചുരുങ്ങിയത് 25,000 രൂപയെങ്കിലും അനുവദിക്കുന്നതിന് ആവശ്യമായിട്ടുള്ള തീരുമാനം എടുത്താൽ വളരെ നല്ലതായിരിക്കും. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അതനുസരിച്ചുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 25,000 രൂപവരെയുള്ള കമ്മീഷൻ 4 ശതമാനമാണ്. അത് 5 ശതമാനം ആയിരുന്നത് 4 ശതമാനം ആക്കി ഇന്ത്യാ ഗവൺമെന്റ് കുറച്ചതാണ്. അത് നമ്മുടെ പരിധിയിൽപ്പെട്ടതല്ല. ഇതൊക്കെയാണെങ്കിലും ഇത് പരിഹരിക്കത്തക്കരീതിയിൽ കേന്ദ്രം നൽകുന്ന കമ്മീഷൻ തുകയ്ക്ക് പുറമേ 4 ശതമാനംകൂടി കാടുക്കുവാൻ നമ്മൾ തീരുമാനിച്ചു. ബഹുമാനപ്പെട്ട ടീച്ചർ ആദായനികുതിയുടെ കാര്യം പറഞ്ഞു. അത് ഇന്ത്യാ ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്. അത് ഇന്ത്യാ ഗവൺമെന്റിന് എഴുതാം. 65 വയസ്സിനു മുകളിലുള്ള ഏജന്റുമാർക്ക് പെൻഷൻ നൽകുന്നതിനായി ഒരു പദ്ധതി ഉണ്ടാക്കുന്നുണ്ട്. അത് പൂർണ്ണമായാൽ കൊടുക്കാം. വിവാഹ ധനസഹായം 25000 രൂപ കൊടുക്കുവാൻ ആഗ്രഹമില്ലാത്തതുകൊണ്ടല്ല, അതിനുള്ള സാദ്ധ്യത ഇല്ലാത്തതുകൊണ്ടാണ് ഏതായാലും അനുകൂലമായിട്ട് പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly